LIBRARY ARCHIVES Kerala Legislative Assembly

സർജൻമാർ, രണ്ട് സ്റ്റാഫ് നേഴ്സ്, രണ്ട് ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിങ്ങനെ ഇരുപത് സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഇതിനുപുറമെ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് അസിസ്റ്റന്റ് സർജനുൾപ്പെടെ രണ്ട് ജീവനക്കാരെ നിയമിച്ചിട്ടുമുണ്ട്. എൻ.എച്ച്.എം.-ൽനിന്നും നാല് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. അഡ്ഹോക്ക് വ്യവസ്ഥയിലും എച്ച്.എം.സി.-യിൽനിന്നുമായി രണ്ട് ജീവനക്കാരും ജോലി ചെയ്യുവരുന്നുണ്ട്. കുടുംബാരോഗ്യകേന്ദ്രത്തിൽ നാല് ഡോക്ടർമാരുൾപ്പെടെ ഇരുപത്തിയെട്ട് ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സർക്കാർ നയപ്രകാരം ഒരു റവന്യൂ ബ്ലോക്കിൽ ഒരു സി.എച്ച്.സി./ബ്ലോക്ക് എഫ്.എച്ച്.സി. എന്നുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വേങ്ങര റവന്യൂ ബ്ലോക്കിൽനിന്നും വേങ്ങര സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എ.ആർ. നഗർ കുടുംബാരോഗ്യകേന്ദ്രവും വേങ്ങര സി.എച്ച്.സി.-യും വേങ്ങര റവന്യൂ ബ്ലോക്കിന്റെ കീഴിലാണുള്ളത്. 20-3-2020-ലെ സർക്കാർ ഉത്തരവുപ്രകാരം വേങ്ങര സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടി 34,80,000 രൂപയുടെ ഭരണാനുമതി നൽകി തുക അനുവദിക്കുകയുണ്ടായി. വേങ്ങര ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള വിവരങ്ങൾ മറ്റൊരു സബ്മിഷനിൽ വിശദീകരിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല. വേങ്ങര സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പുതിയ കെട്ടിടത്തിൽ നിലവിൽ ഒരു സി.എഫ്.എൽ.ടി.സി.-യാണ് പ്രവർത്തിക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാന്റേർഡൈസേഷൻ നിശ്ചയിച്ച 22-1-2021-ലെ സർക്കാർ ഉത്തരവുപ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നിഷ്കർഷിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഡയാലിസിസ് കേന്ദ്രം സംബന്ധിച്ച വിഷയം ഗൗരവത്തോടെ പരിശോധിക്കുന്നതാണ്.

V. പ്രത്യേക അനുമതി

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ചട്ടം 170(1) അനുസരിച്ച്, സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഞാൻ അപേക്ഷ വായിക്കാം.

"ചിക്കുൻഗുനിയ പിടിപെട്ടതിനെത്തുടർന്ന് കഴിഞ്ഞ ഒരു മാസമായി ഞാൻ ചികിത്സയിലാണ്. ഹോസ്പിറ്റലിൽനിന്ന് ഡിസ്ചാർജായെങ്കിലും ആരോഗ്യനില പൂർണ്ണമായും മെച്ചപ്പെട്ടിട്ടില്ല. ശക്തമായ ശരീരവേദനയും ശരീരത്തിൽ നീരുകെട്ടിയതും ക്ഷീണവുംനിമിത്തം നടക്കുന്നതിനും മറ്റും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഡോക്ടർമാരുടെ നിർദ്ദേശാനുസരണം വീട്ടിൽ പൂർണ്ണമായും വിശ്രമത്തിലാണിപ്പോൾ. ആയതിനാൽ ഈ മാസം 22 മുതൽ ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിന്റെ തുടക്കക്കാലയളവിൽ പങ്കെടുക്കാൻ കഴിയില്ല. ടി കാലയളവിൽ എനിക്ക് ലീവ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അസുഖം ഭേദമാകുന്നമുറയ്ക്ക് അങ്ങയെ അറിയിക്കുന്നതും ശേഷിക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതുമാണ്."

ശ്രീ. കടകംപള്ളി സുരേന്ദ്രന് പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.

VI. ധനകാര്യം

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-2022 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-2022 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly